(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജയിലുകളുടെ സൗകര്യം

4 [* 271] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
,, തോമസ് ഉണ്ണിയാടൻ :
,, സ്റ്റീഫൻ ജോർജ് :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളുടെ സൗകര്യം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിട്ടുള്ളതോ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ പദ്ധതികൾ വിശദമാക്കുമോ :

(സി) ജയിൽപ്പുള്ളികളിൽ ഒരു വിഭാഗത്തിന് അനർഹവും അന്യായവുമായ സൗകര്യങ്ങളും സൗജന്യങ്ങളും നൽകുന്നതായുള്ള പരാതി ഒഴിവാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ജയിലുകളുടെ സൗകര്യം വിപുലീകരിക്കുന്നതിന് കേന്ദ്ര സഹായത്തോടുകൂടിയിട്ടുള്ളതും സംസ്ഥാനാവിഷ്കൃതവുമായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പുതിയ ജയിലുകളുടെ നിർമ്മാണം, നിലവിലുള്ള ജയിലുകളുടെ അറ്റകുറ്റപണികളുടെ പുനർ നിർമ്മാണം, ജീവനക്കാർക്കുള്ള പാർപ്പിടനിർമ്മാണം, പരിസര ശുചിത്വം, കുടിവെള്ളം ലഭ്യമാക്കൽ, ജയിൽ അടുക്കളകളുടെ നവീകരണം, തടവുകാർക്കുള്ള തൊഴിൽപരിശീലനം, സുരക്ഷാക്രമീകരണങ്ങൾ, തടവുകാരുടെ ആരോഗ്യരക്ഷ എന്നിവയ്ക്കുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ജയിൽപ്പുള്ളികൾക്ക് അനർഹവും അന്യായവുമായ സൗകര്യങ്ങളും സൗജന്യങ്ങളും നൽകുന്നതായുള്ള പരാതികൾ ലഭിച്ചാൽ അന്വേഷണം നടത്തി ആരോപണങ്ങളിൽ കഴമ്പുള്ളതായി കണ്ടാൽ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു മാതൃകാപരമായ ശിക്ഷകൾ നൽകാറുണ്ട്. ജയിൽ സ്ഥാപനങ്ങളിൽ അതാതു മേഖലയിലെ ഡി. ഐ. ജി.മാർ മിന്നൽ പരിശോധനകൾ നടത്താറുണ്ട്. ഗുരുതരമായ പരാതികളും രഹസ്യ വിവരങ്ങളും ലഭിക്കുമ്പോൾ വകുപ്പ് തലവൻ തന്നെ നേരിട്ട് മിന്നൽ പരിശോധനകൾ നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly